# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 434 - 26/04/2017 - ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ ധനകമ്മി

**ചോദ്യം**

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലേത് വ്യക്തമാക്കുമോ; | 2011 മുതൽ 2016 വരെയുള്ള സംസ്ഥാനത്തിന്റെ ധനകമ്മി ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) (see table below) |
| ബി | മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം എത്രയായിരുന്നു; 2016 മാർച്ച് 31ലെ കണക്ക് വ്യക്തമാക്കുമോ; | മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം 2016 മാർച്ച് 31ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 157370.32 കോടി രൂപയായിരുന്നു |
| സി | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി 1999ലെ കിഫ്ബി ആക്റ്റ് പരിഷ്ക്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. |

(തുക കോടിയിൽ)

| വർഷം | ധനകമ്മി | വർഷം | ധനകമ്മി |
|---|---|---|---|
| 2010-11 | 7730.45 | 2013-14 | 16944.12 |
| 2011-12 | 12814.77 | 2014-15 | 18641.73 |
| 2012-13 | 15002.46 | 2015-16 | 17818.39 |

| | | |
|---|---|---|
| | | കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 15,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതു വഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ്വ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ, തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി | 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ ? | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

Sreekumar

**സെക്ഷൻ ഓഫീസർ**

Annexure

| Details of Major items in Tax Revenue for the years 2011-12 to 2015-16 | | | | | | |
|---|---|---|---|---|---|---|
| Sl. No. | Item | Accounts | | | | Rs. in crore |
| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
| | | Actuals | | | | |
| 1 | Taxes on Agricultural income | 42.86 | 18.92 | 21.55 | 8.6 | 2.00 |
| 2 | Land Revenue | 60.75 | 121.58 | 88.78 | 139.03 | 182.28 |
| 3 | Stamps and Registration | 2986.56 | 2938.37 | 2593.29 | 2659.02 | 2877.73 |
| 4 | State Excise Duties | 1883.18 | 2313.95 | 1941.72 | 1777.42 | 1964.15 |
| 5 | Taxes on Sales, Trade etc. | 18938.83 | 22511.09 | 24885.25 | 27908.33 | 30736.78 |
| 6 | Taxes on Vehicles | 1587.13 | 1924.62 | 2161.09 | 2364.95 | 2814.3 |
| 7 | Taxes and Duties on Electricity | 21.28 | 24.71 | 42.25 | 48.71 | 57.66 |
| 8 | Other Taxes and Duties on Commodities and Services | 198 | 223.37 | 261.08 | 212.99 | 238.37 |
| 9 | Share of Central Taxes | 5990.36 | 6840.65 | 7468.68 | 7926.29 | 12681.96 |
| 10 | Others | 0.0 | 0.0 | 0.0 | 113.45 | 130.59 |
| | **Tax Revenue** | **31708.96** | **36917.26** | **39463.70** | **43158.79** | **51685.82** |

Sreekumar